# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.784** **10.06.2019-ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വഴി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് വഴി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ കവിളുപ്പാറ കോളനിയിലെ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിലും നവീകരണത്തിലും ഉൾപ്പെടുത്തി വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭവന നിർമ്മാണത്തിനായി 5 അപേക്ഷകളും ഭവന നവീകരണത്തിനായി 13 അപേക്ഷകളുമാണ് ലഭിച്ചിട്ടുള്ളത്. 1.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എസ്റ്റിമേറ്റുകൾ സ.ഉ.(കൈ) നം.18/18/ഡി.എം.ഡി എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനും, അത്യാവശ്യമായ അറ്റകുറ്റപണികൾ നിലവിലുള്ള ധനസഹായ നിരക്കായ 1.5 ലക്ഷം രൂപയിൽ നിജപ്പെടുത്തി അനുവദിക്കുന്നതിനും ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പട്ടികജാതി വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ തയ്യാറാക്കിയതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>പട്ടികവർഗ്ഗ വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ തയ്യാറാക്കിയതുമായ പ്രവൃത്തികൾ ഒന്നുമില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

ചോദ്യം നമ്പർ (എ) & (ബി)

| പദ്ധതി | 2016-17 | | 2017-18 | | 2018-19 | |
|---|---|---|---|---|---|---|
| | എണ്ണം | അനുവദിച്ച തുക | എണ്ണം | അനുവദിച്ച തുക | എണ്ണം | അനുവദിച്ച തുക |
| വിവാഹധന സഹായം | 154 | 7700000 | 101 | 7150000 | 66 | 4925000 |
| മിശ്ര വിവാഹധന സഹായം | 16 | 1150000 | 14 | 950000 | 16 | 1100000 |
| വിദേശതൊഴിൽ | 5 | 150000 | 4 | 170000 | 6 | 290000 |
| ഭൂമി നൽകൽ | 40 | 15000000 | 43 | 15262500 | 48 | 18000000 |
| ഭവനനിർമ്മാണം | 112 | 22785000 | 52 | 23350000 | 289 | 26465000 |

ഇതുവരെയായി പൂർത്തിയാക്കാത്ത വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

കോർപ്പസ് ഫണ്ട്

| ക്രമ നം | വർഷം | പദ്ധതിയുടെ പേര് | പഞ്ചായത്ത് | പ്രോഗ്രസ് | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|---|---|
| 1 | 2016-17 | മഞ്ഞാടി എസ്.സി കോളനി കുടിവെള്ള പദ്ധതി | കുഴൽമന്ദം | പൂർത്തീകരിച്ചു | 3.75 |
| 2 | 2016-17 | കല്ലത്ത്പറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി | കുഴൽമന്ദം | പൂർത്തീകരിച്ചു | 4.9 |
| 3 | 2016-17 | മുത്താട്ട് പറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി | കുഴൽമന്ദം | പൂർത്തീകരിച്ചു | 4.95 |
| 4 | 2016-17 | കൂത്ത്പറമ്പ് എസ്.സി കോളനി വാട്ടർ ടാങ്ക് നിർമ്മാണം | കുഴൽമന്ദം | പൂർത്തീകരിച്ചു | 4.95 |
| 5 | 2016-17 | ചേങ്ങോട് എസ്.സി കോളനി കുടിവെള്ള പദ്ധതി | കുഴൽമന്ദം | പൂർത്തീകരിച്ചു | 4.95 |
| 6 | 2018-19 | വടക്കേപറമ്പ് കുടിവെള്ള പദ്ധതി | ആലത്തൂർ | പുരോഗമിക്കുന്നു | 4.95 |
| 7 | 2018-19 | കേരളപറമ്പ് കുടിവെള്ള പദ്ധതി | ആലത്തൂർ | പുരോഗമിക്കുന്നു | 4.9 |
| 8 | 2018-19 | ചെങ്കൽപൊറ്റകോളനി കുടിവെള്ള പദ്ധതി | ആലത്തൂർ | പുരോഗമിക്കുന്നു | 4.9 |

| | | | | | |
|---|---|---|---|---|---|
| 9 | 2018-19 | കോരഞ്ചിറ തൊഴുത്തുംപാറ കുടിവെള്ള പദ്ധതി | കിഴക്കഞ്ചേരി | പുരോഗമിക്കുന്നു | 18 |
| 10 | 2018-19 | ചിറ്റേചേങ്ങാനി എസ്.സി കോളനി വാട്ടർ ടാങ്ക് നിർമ്മാണം | കിഴക്കഞ്ചേരി | പുരോഗമിക്കുന്നു | 13.5 |
| 11 | 2018-19 | കന്നിയോട് കുടിവെള്ള പദ്ധതി | തേങ്കുറുശ്ശി | പുരോഗമിക്കുന്നു | 4 |
| 12 | 2018-19 | വെളിയാട്ടുകുന്ന് റോഡ് ഫോർമേഷൻ | തേങ്കുറുശ്ശി | പുരോഗമിക്കുന്നു | 20 |
| 13 | 2018-19 | കൂളക്കുന്ന് റോഡ് & സൈഡ് പ്രൊട്ടക്ഷൻ | തേങ്കുറുശ്ശി | പുരോഗമിക്കുന്നു | 15 |

**സ്വയംപര്യാപ്ത ഗ്രാമം 2012-13** (06.05.19)

| മണ്ഡലം | തിരഞ്ഞെടുത്ത കോളനി | അക്രിഡററഡ് ഏജൻസിയുടെ പേര് | അനുവദിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| ആലത്തൂർ | കുണ്ടുകാട് ( എരിമയൂർ) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ Ltd. | 90 ലക്ഷം ഫൈനൽ ബിൽ ലഭിച്ചിട്ടുണ്ട്. | പൂർത്തീകരിച്ചു 84,10,493/- രൂപ ചിലവഴിച്ചു ഫൈനൽ ബിൽ നൽകിയിട്ടുണ്ട്, |
| ആലത്തൂർ | ആര്യമ്പള്ളം ( ചിററൂർ തത്തമംഗലം മുനി.) | കേരള സ്റ്റേററ് നിർമ്മിതി കേന്ദ്രം | 90 ലക്ഷം | പൂർത്തീകരിച്ചു. 78,24,837/ രൂപ ചിലവഴിച്ചു ഫൈനൽ ബിൽ നൽകിയിട്ടില്ല. |

**സ്വയംപര്യാപ്ത ഗ്രാമം 2013-14** (06.05.19)

| | | | | |
|---|---|---|---|---|
| ആലത്തൂർ | കുഴൽമന്ദം പെലച്ചിരംകാട് | സംസ്ഥാന നിർമ്മിതി കേന്ദ്രം | 90ലക്ഷം | പൂർത്തീകരിച്ചു. 89,21,293/- രൂപ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ